പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3183 — 20.12.2012-ലെ മറുപടിക്ക്

## ടെണ്ടർ എക്സസും അധിക വർക്കും നല്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. അബ്ദുൾ ഖാദർ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

(എ). ടെണ്ടർ എക്സസും, അധിക വർക്കും നല്കുന്നത് സംബന്ധിച്ച പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ ;

(എ). ജി.ഒ.(പി) നമ്പർ. 396/2012/ഫിൻ, തീയതി, 11.07.12, ജി.ഒ.(പി) നമ്പർ. 77/2012/ഫിൻ, തീയതി 30.01.12, ജി.ഒ.(പി)നമ്പർ.379/2011/ഫിൻ, തീയതി 02.09.11 എന്നീ ഉത്തരവുകൾ പ്രകാരമാണ് നിലവിൽ ടെണ്ടർ എക്സസും, അധിക നിരക്കും അനുവദിക്കുന്നത്. മാർക്കറ്റ് റേറ്റ് അനാലിസസ് നടത്തിയ ശേഷമാണ് ടെണ്ടർ എക്സസ് അനുവദിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ ടെണ്ടർ എക്സസ് നല്കിയ പത്ത് പി.ഡബ്ള്യു.ഡി. വർക്കുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ടെണ്ടർ എകസസ് അനുവദിക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ് ; മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും വർക്കുകൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ ഏതൊക്കെയെന്ന് വിശദമാക്കുമോ ?

(ബി) & (സി). അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയും ദർഘാസ് സമയത്തെ കമ്പോള വിലകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന നിരക്കും കരാറുകാർ രേഖപ്പെടുത്തുന്ന കുറഞ്ഞ നിരക്കും താരതമ്യം ചെയ്താണ് ടെണ്ടർ എക്സസ് അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നമ്പർ | പ്രവർത്തിയുടെ പേര് | 2010 റിവൈസ്ഡ് ഷെഡ്യൂൾ ഓഫ് റേറ്റ്സ്-ന് മേൽ അനുവദിച്ച ടെണ്ടർ എക്സസ് |
|---|---|---|
| 1. | പത്തനംതിട്ട വെറ്ററിനറി കോംപ്ലക്സിന്റെ നിർമ്മാണം | 40 % |
| 2. | പത്തനംതിട്ട പട്ടുതോട് പാലം നിർമ്മാണം | 38.5% |
| 3. | എൻ.എച്ച്.47 കരമന-കളിയിക്കവിള റോഡ് വീതി കൂട്ടൽ (ഒന്നാം ഘട്ടം) | 35% |
| 4. | തൃശ്ശൂർ അന്നമനട-മൂഴിക്കുളം റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 35% |
| 5. | കണ്ടിയൂർ ആറാട്ടുകടവ് മാവേലിക്കര ബൈപാസ് | 35% |
| 6. | കാസർഗോഡ്-തൃക്കരിപ്പൂർ ഗവ. പോളിടെക്നിക് വനിതാ ഹോസ്റ്റൽ നിർമ്മാണം | 30% |
| 7. | എലിമുള്ള് പ്ലാക്കൽ എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം | 30% |
| 8. | നബാർഡ്-ആർ.ഐ.ഡി.എഫ്.-**XVI** എറണാകുളം ജില്ല കൂത്താട്ടുകുളം ഗവ. ആശുപത്രിയിൽ പുതിയ അമ്മയും കുഞ്ഞും വാർഡിന്റെ നിർമ്മാണം | 30% |
| 9. | ആർ.ഐ.ഡി.എഫ്.-**XVI** വയനാട് ജില്ല-ബേഗൂർ പി.എച്ച്.സി. കെട്ടിട നിർമ്മാണം | 30% |
| 10. | ആലുവ ടൈപ്പ്-**II** എൻ.ജി.ഒ. ക്വാർട്ടേഴ്സ് നിർമ്മാണം | 25% |